# മന്ന

2010
ജൂൺ
050-3241610, 055-3969791
news@newsmanna.com
www.newsmanna.com
U.A.E.

യു.എ.ഇ, കുവൈത്ത്, തൃശൂർ & കൊച്ചിൻ
വാല്യം 3 ലക്കം 4


# പരീക്ഷണശാലയിൽ ജീവൻ; ഇനി മരണമില്ലാത്ത കാലത്തേക്കോ?



**വാഷിങ്ടൺ:** പൂർണമായും മനുഷ്യനിർമിത ജീവരൂപം പരീക്ഷണശാലയിൽ സൃഷ്ടിക്കപ്പെട്ടതായി ശാസ്ത്രലോകം അവകാശപ്പെട്ടു. മേരിലാന്റിലെ റോക് വില്ലിയിൽ പ്രവർത്തിക്കുന്ന ജെക്രേയ്ഗ് സെന്റർ ഇൻസ്റ്റിറ്റ്യൂട്ടിലെ ഗവേഷകരാണ് ആദ്യമായി കൃത്രിമ രൂപം പരീക്ഷണശാലയിൽ സൃഷ്ടിച്ചത്. ലോകപ്രശസ്ത ജനിതകശാസ്ത്രജ്ഞനും മാനവ ജിനോം കണ്ടെത്തുന്നതിൽ നിർണായക പങ്ക് വഹിച്ച ഡോ. ക്രെയ്ഗ് സെന്ററിന്റെ നേതൃത്വത്തിലായിരുന്നു ഇത്. കഴിഞ്ഞ പത്ത് വർഷത്തോളമായി നാലു കോടി ഡോളർ ചെലവിട്ട് നടത്തിയ ഗവേഷണത്തിലാണ് ജീവരൂപം കണ്ടെത്താൻ കഴിഞ്ഞതെന്നു പുതിയ ലക്കം സയൻസ് വാരിക റിപ്പോർട്ട് ചെയ്യുന്നു. ജീവന്റെ സൃഷ്ടിക്കാവശ്യമായ ജനിതക കോഡുകൾ ഒന്നൊന്നായി പരീക്ഷണശാലയിൽ കൂട്ടിയിണക്കിയാണ് പുതിയ ജീവരൂപത്തിനായുള്ള ജിനോം രൂപപ്പെടുത്തിയത്. ഒരു ജീവിയുടെ പൂർണ ജനിതകസാരം ഒരു ആതിഥേയ കോശത്തിലേക്ക് പ്രവേശിപ്പിച്ച് പുതിയ ഏകകോശ സൂക്ഷ്മജീവിയെ സൃഷ്ടിക്കുകയായിരുന്നു. കൃത്രിമ ജീവൻ പരീക്ഷണശാലയിൽ സൃഷ്ടിച്ചതോടെ മരണമില്ലാത്ത കാലത്തേക്കാണെന്നാണ് ശാസ്ത്രം അവകാശപ്പെടുന്നത്.

## തെളിഞ്ഞത് ദൈവത്തിന്റെ അപാരത

ഡാർവിന്റെ പരിണാമ സിദ്ധാന്തം അടക്കമുള്ള ശാസ്ത്രം മുറുകെ പിടിക്കുന്ന പല വിചാരങ്ങളെയും വെല്ലുവിളിക്കുന്നതാണ് ഈ പുതിയ കണ്ടെത്തൽ. സൃഷ്ടിപ്പിന്റെ ദൈവികതയിലേക്ക് ചിന്തിക്കാനുതകുന്നതാണിത്. ഒരു ആതിഥേയ കോശത്തിന്റെ സഹായത്തോടെയാണ് പുതിയത് വിളയിച്ചത്. അടിസ്ഥാനപരമായി സ്വന്തമായി നിർമിക്കാൻ ശാസ്ത്രത്തിനായിട്ടില്ലെന്നു ശ്രദ്ധേയമാണ് മരണമില്ലാത്ത ലോകവും സങ്കേതവും തേടിയുള്ള മനുഷ്യന്റെ യാത്രകളെയും ദൈവികസൃഷ്ടിപ്പിന്റെ അപാരതയിലേക്ക് തന്നെയാണ് എത്തിക്കുന്നത്. ഭൂമിയിൽ ജീവൻ ഉടലെടുത്തത് 370 കോടി വർഷം മുമ്പായിരുന്നു എന്നാണ് ശാസ്ത്രം പറയുന്നത്. ഭാവിയിൽ ഡിസൈനർ ജീവികൾക്ക് രൂപം നൽകാൻ ശാസ്ത്രലോകത്തെ പ്രാപ്തമാക്കുന്നതാണ് ഈ മുന്നേറ്റം. എന്നാൽ മരിച്ച കോശങ്ങളെ ജീവിപ്പിക്കാൻ നിലവിൽ ഈ കണ്ടെത്തൽ പര്യാപ്തമല്ല. ദൈവത്തിന്റെ സൃഷ്ടികർമം മനുഷ്യൻ ഏറ്റെടുക്കുമോ എന്ന ചോദ്യത്തിനുള്ള ഉത്തരം തേടി ഇനിയും മനുഷ്യനു വർഷങ്ങൾ അലയേണ്ടിവരും. 24 ഗവേഷകർ 10 വർഷം നടത്തിയ ഈ പരീക്ഷണം മനുഷ്യരാശിയുടെ അന്ത്യത്തിലേക്ക് നയിച്ചേക്കാവുന്ന രാസബോംബുകളുടെയും, മാരകരോഗം പരത്തുന്ന കോശങ്ങളും ബാക്ടീരിയകളും ആയി മാറുമോ എന്നും ശാസ്ത്രലോകത്ത് സന്ദേഹമുണ്ട്. ക്ലോണിങ്ങിലൂടെ മനുഷ്യനെ വരെ സൃഷ്ടിക്കുമെന്നു അവകാശപ്പെട്ട ശാസ്ത്രലോകം അത് വേണ്ടെന്ന മട്ടിലാണ് ഇപ്പോൾ.

## പ്രശംസിക്കാനൊന്നുമില്ലെന്നു ശാസ്ത്രജ്ഞർ

**ന്യൂയോർക്ക്:** ഓരോ ജീവജാലങ്ങളുടെയും രൂപഘടനയ്ക്കും സൃഷ്ടിക്കും പിന്നിൽ ഒരു ഡിസൈനർ അഥവാ അദൃശ്യകരം പ്രവർത്തിച്ചിട്ടുണ്ടെന്നതിന്റെ തെളിവാണ് കൃത്രിമ ജീവൻ വികസിപ്പിച്ചെടുത്തതിലൂടെ വ്യക്തമായതെന്നു ക്രൈസ്തവ വിശ്വാസിയും ബയോകെമിക്കൽ ഗവേഷകനുമായ ഡോ. ഫാസിൽ റാണ അഭിപ്രായപ്പെട്ടു. ഭൂമിയിലെ ഓരോ ജീവജാലങ്ങളുടെയും ജീവഘടനയ്ക്കു പിന്നിൽ സങ്കീർണമായ പല കാര്യങ്ങളും ഒളിച്ചിരിപ്പുണ്ടെന്നും അതിനാൽ അവ ഓരോന്നിന്റെയും സൃഷ്ടി വളരെ കഴിവുറ്റ ഒരു ഡിസൈനറുടെ കരമില്ലാതെ സാധ്യമല്ലെന്നും ഇതോടെ തെളിഞ്ഞതായി ഡോ. ഫാസിൽ പറഞ്ഞു.


Agape Trinity Church ന്റെ ആഭിമുഖ്യത്തിൽ

## സുവിശേഷ പ്രഭാഷണവും രോഗശാന്തി ശുശ്രൂഷയും



മരണ താഴ്‌വരകളിൽ നിന്നും ജീവിതത്തിലേയ്ക്ക് മടങ്ങിയെത്തിയ പാസ്റ്റർ സാംകുട്ടി, മെഡിക്കൽ സയൻസിന് ഒരു അത്ഭുതമാണ്. മാരകമായ ബോൺ കാൻസർ രോഗത്തിൽ നിന്നും ദൈവം നൽകിയ സൗഖ്യം ഇന്ന് വേദികളിൽ പങ്ക് വെയ്ക്കുമ്പോൾ തന്നെ ജനങ്ങളിൽ ദൈവപ്രവർത്തി വെളിപ്പെടുന്നു. ചർച്ച് ഓഫ് ഗോഡ് ഗോസ്പൽ സെന്റർ (കൊച്ചി), പ്രസിഡന്റായ ഇദ്ദേഹം ദൈവാത്മ നിയോഗത്താൽ വചനം ശുശ്രൂഷിക്കുന്ന അനുഗ്രഹീത സുവിശേഷ പ്രഭാഷകനാണ്.

ജോബിൻ മുംബൈ നയിക്കുന്ന
അഗപ്പെ ട്രിനിറ്റി ചർച്ച് ക്വയർ
സംഗീത വിരുന്നൊരുക്കുന്നു

രോഗികൾക്കായി പ്രത്യേകം പ്രാർത്ഥിക്കുന്നതാണ്.

Venue : Main Hall, Worship Centre, Sharjah
Date : June 16 & 17 (Wednesday & Thursday)
Time : 7.30 PM to 10.00 PM
Speaker : Pr. N. G. Samkutty (Director, Cochin Bible College , Ernakulam)

ഏവർക്കും സ്വാഗതം
For more details: Pr. Nishanth George 050 - 5223427

# നാർകോ അനാലസിസും സ്വർഗീയ കോടതിയും

## വാർത്തയ്ക്കപ്പുറം

**ഷിബു മുള്ളംകാട്ടിൽ**

ഇന്ത്യൻ സുപ്രീം കോടതി ചീഫ് ജസ്റ്റിസ് കെ.ജി. ബാലകൃഷ്ണൻ വിരമിക്കുന്നതിനു മുമ്പ് നടത്തിയ സുപ്രധാന വിധികളിലൊന്ന് നാർകോ അനാലസിസിനെക്കുറിച്ചാണ്. പ്രതികളെ നാർകോ അനാലസിസിന് വിധേയമാക്കുന്നത് അവരുടെ അനുവാദത്തോടെ മാത്രമേ ആകാവൂ എന്ന് വിധി ന്യായത്തിൽ പറയുന്നു.

ഫോറൻസിക് ലാബോറട്ടറിയിൽ ഡിസ്റ്റിൽ ചെയ്ത വെള്ളത്തിൽ സോഡിയം പെന്റൊതോൾ, സോഡിയം അമൈറ്റൽ എന്നീ രാസവസ്തുക്കൾ കുത്തിവെച്ചുണ്ടാക്കുന്ന മയക്കത്തിൽ പ്രതികളോട് ചോദ്യങ്ങൾ ഉന്നയിച്ച് രഹസ്യങ്ങൾ കണ്ടെത്തുന്നതാണ് ഈ പരിശോധനാ രീതി. ഒരു മണിക്കൂർ മുതൽ മൂന്നു മണിക്കൂർ വരെ പരിശോധന നീളും. അതിനുശേഷം പതിനഞ്ചു മിനിട്ടിനുള്ളിൽ പ്രതി പൂർവസ്ഥിതിയിൽ എത്തും. സിസ്റ്റർ അഭയവധക്കേസിലെ നാർകോ പരിശോധന ഏറെ വിവാദങ്ങൾ സൃഷ്ടിച്ചിരുന്നു. നാർകോ അനാലസിസിനെക്കാൾ ലളിതമായ ബ്രെയിൻ മാപ്പിംഗും കോടതി നിയന്ത്രിച്ചിട്ടുണ്ട്.

ആധുനിക സാങ്കേതിക വിദ്യകൾ പരമാവധി ഉപയോഗിച്ച് കുറ്റം തെളിയിക്കുക എന്നതാണല്ലോ ഇത്തരം പരിശോധനകളുടെ ലക്ഷ്യം. നാർകോ അനാലസിസും ബ്രെയിൻ മാപ്പിംഗും ഒക്കെ വാർത്താമാധ്യമങ്ങളിൽ നിറഞ്ഞുനില്ക്കുമ്പോൾ ഒരുനാൾ സ്വർഗീയ കോടതിയുടെ മുമ്പാകെ നില്ക്കേണ്ടിവരുന്ന മനുഷ്യരാശിയുടെ ചിത്രമാണ് മനസ്സിലെത്തുന്നത്. സകലത്തെയും സദാസമയവും വീക്ഷിക്കുന്ന നമ്മുടെ ദൈവത്തിന് മറവായി ഒന്നും ഇല്ല എന്ന യാഥാർഥ്യം നാം തിരിച്ചറിയണം.

ഒളിച്ചോട്ടം മനുഷ്യരുടെ ഇടയിൽ സാധാരണമാണ്. ആരും കാണാതെ ഒരു സ്മോൾ... ആർക്കും പിടി കൊടുക്കാതെ ഒരു പുക... ഇരുട്ടിന്റെ മറവിലെ ചെയ്തികൾ... ഉപഭോക്താവിന്റെ കണ്ണിൽപ്പെടാതെ ബില്ലിൽ ഒരു തിരിമറി... നിശ്ചയിച്ച് ഉറപ്പിച്ച ഉടമ്പടിയിൽ മായം ചേർക്കൽ... ഇങ്ങനെ എത്രയെത്ര മറിമായങ്ങൾ. തട്ടിപ്പുകളുടെയും വെട്ടിപ്പുകളുടെയും നീണ്ടകഥകൾ!! മാന്യതയുടെ കുപ്പായമണിഞ്ഞ് സമൂഹത്തിൽ ജെന്റിൽമാനായി ഇക്കൂട്ടർക്ക് വിളങ്ങാമെങ്കിലും സ്വർഗീയ കോടതി ഇവരെ വെറുതെ വിടില്ല.

പണം, അംഗീകാരം, നേട്ടം എന്നിവയ്ക്ക് വേണ്ടി വളഞ്ഞ വഴികൾ തേടിപ്പോകുന്നവർ ഉണ്ട്. പാപത്തിന്റെ കറ ഒളിപ്പിക്കുവാൻ പലപ്പോഴും ഇവർ ദൈവത്തെ കൂട്ടുപിടിക്കുന്നു. എല്ലാ നേട്ടങ്ങളുടെയും പിന്നിൽ 'ദൈവിക അനുഗ്രഹം' എന്നു പടച്ചുവിടുന്നു. ഈ പൊയ്മുഖങ്ങൾ എല്ലാം ഒരുനാൾ സ്ക്രീനിൽ വെളിപ്പെടും. യേശുവിന് ഇവരോട് പറയാനുള്ളത് ഇപ്രകാരമാണ്. ഈ ജനം അധരം കൊണ്ടു എന്നെ ബഹുമാനിക്കുന്നു. എങ്കിലും അവരുടെ ഹൃദയം എന്നെ വിട്ടു അകന്നിരിക്കുന്നു (മത്താ. 15: 8).

കാൺമാൻ ഭംഗിയുള്ളതും തിന്മാൻ നല്ലതും ജ്ഞാനം പ്രാപിപ്പാൻ കാമ്യമായതുകൊണ്ട് നമുക്ക് തോന്നുന്ന വൃക്ഷഫലത്തെ പറിച്ചെടുത്ത് ഭക്ഷിക്കുന്നത് അപകടകരമാണ്. ആദ്യ മനുഷ്യന്റെ പ്രലോഭനങ്ങൾ ആധുനിക മനുഷ്യനെയും കീഴ്പ്പെടുത്തുന്നു. പലർക്കും പാപം ഒരു ബലഹീനത മാത്രമാണ്. മനുഷ്യരുടെ മുമ്പിൽ താല്ക്കാലികമായി രക്ഷപെടാമെങ്കിലും ഈ ബലഹീനത ദൈവിക കോടതിയിൽ വിലപ്പോകില്ല.

നാം ചെയ്യുന്ന പ്രവൃത്തികൾക്ക് തക്കവണ്ണമുള്ള പ്രതിഫലമാണ് നിത്യതയിൽ കാത്തിരിക്കുന്നത്. കപട ആത്മീയതയുടെ മൂടുപടം അണിഞ്ഞ് ലോകത്തിന്റെ ഗുഡ്ബുക്സിൽ നമുക്ക് സ്ഥാനം നേടാമെങ്കിലും നിത്യതയിൽ ജീവന്റെ പുസ്തകത്തിൽ പേർ കാണില്ല. ഞാൻ നല്ല മനഃസ്സാക്ഷിയോടുകൂടെ ദൈവത്തിന്റെ മുമ്പാകെ നടന്നിരിക്കുന്നു എന്ന പൗലൊസിന്റെ സാക്ഷ്യമാണ് വർത്തമാനകാല വിശ്വാസികൾ വെല്ലുവിളിയായി സ്വീകരിക്കേണ്ടത്.

'സ്വയം നന്നാകുക' എന്ന സോക്രട്ടീസിന്റെ തത്വം ഇവിടെ പ്രസക്തമാണ്. മറ്റുള്ളവരെ വിധിക്കുവാൻ നമുക്ക് അധികാരമുണ്ടോ എന്നതും ചോദ്യശരമായി ഉയരണം. വ്യക്തമായി മനസ്സിലാക്കുവാൻ കഴിയാത്ത വിഷയങ്ങളിൽ കേവലം ഊഹാപോഹങ്ങളുടെ മറവിൽ മാത്രം പ്രതികരിക്കരുത്. ചത്തത് കീചകനെങ്കിൽ കൊന്നത് ഭീമൻ തന്നെ എന്ന പ്രതികരണശൈലി ഭൂഷണമല്ല. ഗിരിപ്രഭാഷണത്തിൽ യേശു പറഞ്ഞു 'നിങ്ങൾ... വിധിക്കരുത്' എല്ലാം അറിയുന്ന ദൈവം നമ്മുടെ പ്രവൃത്തികൾക്ക് വിധി പറയുന്ന ദിനം വിദൂരത്തല്ല.

നമ്മുടെ മനഃസ്സാക്ഷിയുടെ കോടതിയിലേക്ക് ഒരു തിരിഞ്ഞുനോട്ടം അനിവാര്യമാണ്. നിന്റെ ആത്മാവിനെ ഒളിച്ചു എവിടേക്ക് പോകുവാൻ കഴിയും എന്ന ചോദ്യം സ്വയം ഉന്നയിക്കുക. പാപവഴികളിൽ നിന്നും മോചനം പ്രാപിച്ച് ദൈവത്തിങ്കലേക്ക് മടങ്ങണം. 'ആകയാൽ സകലദുഷ്ടതയും എല്ലാ ചതിവും വ്യാജഭാവവും അസൂയയും എല്ലാ നുണയും' നീക്കി വിജയകരമായ ക്രൈസ്തവജീവിതം നയിക്കാം.

സ്വർഗീയ കോടതി വിധിപറയുന്ന ദിനത്തിൽ ആ സ്ക്രീനിൽ മിന്നിമറയുന്നത് എന്തായിരിക്കും? നമ്മുടെ മനഃസ്സാക്ഷി തന്നെ അതിന് ഉത്തരം കണ്ടെത്തട്ടെ.

# പുതിയ നിയമ ശുശ്രൂഷകൾ നാലുവിധത്തിൽ

**പാസ്റ്റർ എൻ.ജി. സാംകുട്ടി**
(ഡയറക്ടർ, കൊച്ചിൻ ബൈബിൾ കോളജ്)

ശുശ്രൂഷകൾക്ക് എന്നും അതിന്റെ പ്രാധാന്യം ഉണ്ട്. പുതിയനിയമ ശുശ്രൂഷകൾക്ക് മാതൃക കാണിച്ചു തന്നിട്ടുള്ളത് യേശുക്രിസ്തുവും ശിഷ്യന്മാരും ആണ്.

1. കെറുഗ്മാ– ഇത് ഒരു ഗ്രീക്കു പദമാണ്. ഇതിന്റെ അർഥം Proclamation അല്ലെങ്കിൽ വിളംബരം ചെയ്യുക എന്നു മലയാളത്തിൽ പറയുന്നു. അപ്പൊസ്തലനായ പൗലൊസ് റോമാ ലേഖനം 1:16 ൽ പറയുന്നു: "സുവിശേഷത്തെക്കുറിച്ച് എനിക്കു ലജ്ജയില്ല". ആദിമകാലങ്ങളിൽ ദൈവദാസന്മാർ പരസ്യസ്ഥലങ്ങളിലും മലകളിലും വൃക്ഷത്തിന്റെ കൊമ്പുകളിലും കയറിയിരുന്ന് ഉറച്ച ശബ്ദത്തിൽ സുവിശേഷം വിളിച്ചു പറയുന്നത് പതിവായിരുന്നു. ഇതിനെയാണ് വിളംബരം ചെയ്യുക എന്നു പറയുന്നത്.ഏതു വിശ്വാസിയും തന്നെ രക്ഷിച്ച ക്രിസ്തുവിനെക്കുറിച്ച് ലജ്ജകൂടാതെ വിളിച്ചു പറയുന്നതിൽ ഉത്സാഹിയായിരിക്കണം. യോഹന്നാന്റെ സുവിശേഷം 4–ാം അധ്യായത്തിൽ ശമര്യാസ്ത്രീ പട്ടണത്തിൽ ചെന്ന് തന്നെ രക്ഷിച്ച ക്രിസ്തുവിനെക്കുറിച്ച് സാക്ഷിച്ചതു നിമിത്തം ശമര്യാപട്ടണം മുഴുവനും യേശുവിന്റെ അടുക്കൽ വരുവാനിടയായി.

2. Didacha (ടിഡാക്കേ)– To Teach പഠിപ്പിക്കുക എന്നർഥം. അപ്പൊ. 19: 9,10. യേശുക്രിസ്തുവും ശിഷ്യന്മാരും ദൈവവചനം പഠിപ്പിക്കുന്നതിൽ പ്രത്യേക ശ്രദ്ധകാണിച്ചിരുന്നു. പൗലൊസ് കൊർന്നൊസിന്റെ പാഠശാലയിൽ രണ്ടുവർഷം നടത്തിയ ബൈബിൾക്ലാസ് നിമിത്തമാണ് ഏഷ്യയിൽ അനേകർ വചനം കേൾക്കുവാൻ ഇടയായത്. ഇതു നിമിത്തമാണ് വെളിപ്പാടു പുസ്തകത്തിൽ കാണുന്ന ഏഴു സഭകൾ രൂപം കൊണ്ടത്. ഈ കാലഘട്ടത്തൽ സഭകൾ വചനം പഠിപ്പിക്കുന്നതിൽ പുറകോട്ടുപോയിരിക്കുന്നുവോ എന്നു സംശയിക്കുന്നു. എല്ലാ ഉണർവുകളും കൃപാവരങ്ങളും തിരുവചന അടിസ്ഥാനത്തിൽ മാത്രം ആയിരിക്കട്ടെ. ആകയാൽ വചനം പഠിപ്പിക്കുന്നതിൽ സഭകൾ ഉണർത്തപ്പെടേണ്ടിയിരിക്കുന്നു.

3. Para clesis (പാരാക്ലിസസ്) Exortation – പ്രബോധനം എന്നർഥം. പ്രവർത്തിയെ ബോധ്യമാക്കുക എന്നാണ് പ്രബോധനം എന്ന വാക്കുകൊണ്ട് ഉദ്ദേശിക്കുന്നത്. കർത്താവിനുവേണ്ടി നാം ചെയ്യുന്ന പ്രവൃത്തികളെ ഉദാഹരണമായി, ട്രാക്റ്റുകൾ കൊടുക്കുക, ഹോസ്പിറ്റൽ സന്ദർശനം നടത്തുക, പരസ്യയോഗങ്ങൾ, വീടു സന്ദർശനം തുടങ്ങിയ നിലകളിൽ സുവിശേഷം പറയുന്ന രീതി. ഈ രീതി വിശുദ്ധന്മാരുടെ കൂടിവരവുകളിൽ പ്രാർഥനയ്ക്കും മറ്റുള്ളവരുടെ ആത്മീയ ഉത്സാഹത്തിനും ബോധ്യമാക്കുക പതിവായിരുന്നു ഇതാണ് പ്രബോധനം. എബ്രാ. 10: 24, 25 വാക്യങ്ങളിൽ സഭ കൂടിവരുമ്പോൾ തമ്മിൽ തമ്മിൽ പ്രബോധിപ്പിക്കണം.

4. homilio (ഹൊമീലിയ) sermon – പ്രസംഗം എന്നർഥം. സുവിശേഷങ്ങളിലും അപ്പൊസ്തലപ്രവൃത്തിയിലും നിരവധി ഭാഗത്ത് യേശുക്രിസ്തുവും അപ്പൊസ്തലന്മാരും പ്രസംഗിച്ചതായി കാണുന്നു. മത്താ. 5,6,7 അധ്യായങ്ങൾ യേശുക്രിസ്തുവിന്റെ പർവതപ്രസംഗമാണ്. പ്രവൃത്തിയുടെ പുസ്തകത്തിൽ പത്രൊസിന്റെയും സ്തേഫാനോസിന്റെയും പൗലൊസിന്റെയും ഒട്ടനവധി പ്രസംഗങ്ങൾ നമുക്ക് ദർശിക്കാം. ദൈവവചനം അതിന്റെ പൊരുൾ തിരിച്ചു പറയുന്ന രീതിയാണ് പ്രസംഗം.

മുകളിൽ പറയുന്ന നാലു പ്രസംഗരീതികളാണ് പുതിയനിയമ ശുശ്രൂഷയിൽ കാണുന്നത്. ഈ നാലു ശുശ്രൂഷകൾക്കും അതിന്റെ പ്രാധാന്യം വചനത്തിൽ നിന്നും നാം കണ്ടു കഴിഞ്ഞു. രക്ഷിക്കപ്പെട്ട് വിശ്വാസ സ്നാനം സ്വീകരിച്ച ഓരോ ദൈവമക്കളും ലജ്ജകൂടാതെ വചനം വിളിച്ചുപറയുന്നവരും പഠിപ്പിക്കുന്നവരും കർത്താവിനുവേണ്ടി പ്രവർത്തിക്കുന്നവരും ക്രിസ്തുവിനെ പ്രസംഗിക്കുന്നവരും ആകണമെന്ന് ദൈവം ആഗ്രഹിക്കുന്നു. നമ്മുടെ കർത്താവ് വരാറായി. ഈ ശുശ്രൂഷകളിൽ നമുക്ക് ഉത്സാഹികളാകാം.

# ഗിൽഗാൽ സെമിനാരി ഉദ്ഘാടനം 12ന്

**അബുദബി:** ഗിൽഗാൽ ബിബ്ലിക്കൽ സെമിനാരി അബുദബി ചാപ്റ്ററിന്റെ ഉദ്ഘാടനം ജൂൺ 12നു വൈകിട്ട് 7.30-10 വരെ അബുദബി ഇവാഞ്ചലിക്കൽ ചർച്ച് സെന്ററിലെ മെയിൻ ഹാളിൽ നടക്കും. സെമിനാരി ഡയറക്ടർ റവ. ഡോ. കെ.ഒ. മാത്യുവിന്റെ അധ്യക്ഷത വഹിക്കും. യൂറോപ്യൻ തിയോളജിക്കൽ സെമിനാരി ചെയർമാൻ ഡോ. പോൾ സ്മിഡ്ഗാളും, പി.സി.എൽ പ്രസിഡന്റ് ഡോ. പ്രെഡ് ഗാർമനും, ചർച്ച് ഓഫ് ഗോഡ് കേരള സ്റ്റേറ്റ് ചർച്ച് ഗ്രോത്ത് മിഷൻ ഡയറക്ടർ റവ. പി.സി. ചെറിയാനും വിശിഷ്ടാതിഥികൾ ആയിരിക്കും. ജൂൺ 14 മുതൽ എല്ലാ തിങ്കളാഴ്ചയും വൈകിട്ട് 8-10 വരെ അബുദബി ഇവാഞ്ചലിക്കൽ ചർച്ച് സെന്റർ റൂം നമ്പർ എഫ്-09ൽ റഗുലർ ക്ലാസുകൾ നടക്കും. കൂടുതൽ വിവരങ്ങൾക്ക്: 050 6463177



*അബുദാബി ഇവാഞ്ചലിക്കൽ സെന്ററിൽ നടന്ന കൊച്ചിൻ ബൈബിൾ കോളജ് പുതിയ ബാച്ചിന്റെ ഉദ്ഘാടന സമ്മേളനത്തിൽ ആപ്കോൺ പ്രസിഡന്റ് പാസ്റ്റർ പി.ജെ. ഏബ്രഹാം പ്രസംഗിക്കുന്നു. പാസ്റ്റർമാരായ ഫിന്നി ജോർജ്, എം.സി. ചാക്കോ, എൻ.ജി. സാംകുട്ടി, സാമുവേൽ എം. തോമസ് എന്നിവർ വേദിയിൽ.*

# റൈറ്റേഴ്സ് ഫോറം സാഹിത്യഅവാർഡ്: രചനകൾ ക്ഷണിക്കുന്നു

**ദുബായ്:** ഗൾഫ് മലയാളി ക്രിസ്ത്യൻ റൈറ്റേഴ്സ് ഫോറത്തിന്റെ 2010 - ലെ സാഹിത്യഅവാർഡിന് രചനകൾ ക്ഷണിക്കുന്നു. വിഷയങ്ങൾ: ലേഖനം - ഫലകരമായ ക്രിസ്തീയ ജീവിതം (Fruit ful christian life), കഥ- സൂര്യൻ അസ്തമിക്കാത്ത ഒരു ദിവസം (A day without sunset), കവിത- ദൈവത്തിന്റെ സ്വരം (Gods voice).

ലേഖനം, കഥ എന്നിവ 10 പേജിലും കവിത രണ്ടു പേജിലും കവിയരുത്. മലയാളത്തിലോ ഇംഗ്ലീഷിലോ എഴുതാം. ജി.സി.സി. രാജ്യങ്ങളിലുള്ളവർക്ക് മാത്രം പങ്കെടുക്കാം. രചനകൾ ലഭിക്കേണ്ട അവസാന തീയതി ജൂലൈ 30.

വിലാസം: GMCWF, P.O.Box 19699, Sharjah, UAE

# ദേവസിക്കുട്ടി നിത്യതയിൽ



**ഷാർജാ:** ദുബൈ മാറാനാഥാ ഫുൾഗോസ്പൽ ചർച്ച് സഭാംഗവും, ചാലക്കുടി കുമ്പടിഞ്ഞാമാക്കൽ കാരക്കാട്ട് ദേവസിക്കുട്ടി (63) നിത്യതയിൽ പ്രവേശിച്ചു. കഴിഞ്ഞ 33 വർഷമായി ദുബൈ അൽ അലിയാ കമ്പനിയിൽ ജോലിചെയ്തിരുന്ന ഇദ്ദേഹം ചാലക്കുടിയിലെ ആദ്യകാല വിശ്വാസികളിൽ ഒരാളാണ്. സംസ്കാരം മേലടൂർ കിങ്സ് റിവൈവൽ ചർച്ചിൽ നടത്തി. ദുബൈ മാറാനാഥാ ചർച്ച് ശുശ്രൂഷകൻ പാസ്റ്റർ ജക്സി മാത്യു, എഫദാ സഭാശുശ്രൂഷകൻ പാസ്റ്റർ ജോസ് തോമസ്, പാസ്റ്റർ സിബി ഫ്രാൻസിസ് എന്നിവർ നേതൃത്വം നല്കി. 'മന്നാ' തൃശൂർ എഡിഷൻ എഡിറ്റർ ഡെന്നി പുലിക്കോട്ടിൽ, എഡിറ്റർ ഇൻചാർജ് പ്രമോദ് കൂത്തൂർ എന്നിവർ ഭവനത്തിൽ എത്തി അനുശോചനം അറിയിച്ചു.



എം.സി. ചാക്കോ | ഗർസിം പി. ജോൺ | വിൽസൺ ജോസഫ് | ബാബു മാത്യു | ശാമുവേൽ ജോൺ | ഷിബു വർഗീസ് | വിനോദ് ഏബ്രഹാം

# ഐ.പി.സി. യു.എ.ഇ. റീജിയൻ കൗൺസിൽ പാസ്റ്റർ എം.സി. ചാക്കോ പ്രസിഡന്റ്

**ഷാർജ:** ഐ.പി.സി. യു.എ.ഇ. റീജിയൻ കൗൺസിൽ ഭാരവാഹികളായി പാസ്റ്റർ എം.സി. ചാക്കോയെ പ്രസിഡന്റായും പാസ്റ്റർ വിൽസൺ ജോസഫിനെ സെക്രട്ടറിയായും ഇവാ. ശാമുവേൽ ജോണിനെ ട്രഷററായും വീണ്ടും തെരഞ്ഞെടുത്തു. ഷാർജ വർഷിപ്പ് സെന്ററിൽ ചേർന്ന റീജിയൻ വാർഷിക പൊതുയോഗമാണ് ഭാരവാഹികളെ തെരഞ്ഞെടുത്തത്. ബെഥേൽ ദുബൈ സഭയുടെ ശുശ്രൂഷകൻ പാസ്റ്റർ ഗർസിം പി. ജോൺ വൈസ് പ്രസിഡന്റായും ഷാർജ സഭയുടെ വൈസ് പ്രസിഡന്റ് ബാബു മാത്യുവിനെ ജോ. സെക്രട്ടറിയായും ബേർശേബാ ദുബൈ സഭാംഗം ഷിബു വർഗീസിനെ ജോ. ട്രഷററായും വിനോദ് ഏബ്രഹാമിനെ ഓഡിറ്ററായും തെരഞ്ഞെടുത്തു. പ്രസിഡന്റായി തെരഞ്ഞെടുത്ത അബുദാബി സഭയുടെ സീനിയർ ശുശ്രൂഷകൻ പാസ്റ്റർ എം.സി. ചാക്കോ മികച്ച സംഘാടകനും യു.എ.ഇ. റീജിയൻ സ്ഥാപക പ്രസിഡന്റുമാണ്. കഴിഞ്ഞ 40 വർഷമായി ഇവിടെ ശുശ്രൂഷിക്കുന്നു. പാസ്റ്റർ വിൽസൺ ജോസഫ് ഷാർജ ഐ.പി.സി. വർഷിപ്പ് സെന്റർ സീനിയർ ശുശ്രൂഷകനും പരേതനായ പാസ്റ്റർ വി.റ്റി. ജോസഫിന്റെ മകനുമാണ്. ഇവാ. ശാമുവേൽ ജോൺ ഏബനേസർ ദുബൈ സഭയുടെ വൈസ് പ്രസിഡന്റും യു.എ.ഇ.യിലെ ബിസിനസ് രംഗത്തെ പ്രമുഖനുമാണ്.





Christ's Own Revival Church ഒരുക്കുന്ന

## വചനശക്തി



ദൈവവചനത്തിലൂടെ ഒരു യാത്ര
ദൈവവചന മർമ്മങ്ങൾ
ദൈവവചന വെളിപ്പാട്

പ്രസംഗകൻ : **ബ്രദർ ബിജി**

ജൂലൈ ഒമ്പതിനു തുടങ്ങി തുടർച്ചയായ
ഏഴു വെള്ളി ആഴ്ചകളിൽ
(July 9th to August 20th 2010)
രാത്രി 8.30 മുതൽ 10.15 വരെ

ഷാർജ യൂണിയൻ ചർച്ചിൽ (റൂം നമ്പർ 5) നടത്തപ്പെടുന്നു

**വരിക, വിടുതലും അനുഗ്രവും പ്രാപിക്കുക**

കൂടുതൽ വിവരങ്ങൾക്ക്: പാസ്റ്റർ റ്റിജി ജോർജ് 0508265797


## CLASSIFIEDS

### HOUSE FOR SALE

Porperty for sale;3 Bed House with 3.acres land (suitable for develpoers/ House plots) close to chengannur (5.5km). Please Contact : 0091 9495034060 (IND) / 00971 553058488 / Email:mailthomasae@gmail.com

### PLOT - KOWDIAR, TRIVANDRUM

7.2 cents including house (1100 sq. ft) in Pandits Colony, Kowdiar, Trivandrum. Brokers please excuse.
**Contact: 0097150-6622847, philipoommen@yahoo.com**






## MATRIMONIAL

### വരനെ ആവശ്യമുണ്ട്

അബുദബിയിൽ സ്വകാര്യ കമ്പനിയിൽ റിക്രൂട്ട്മെന്റ് അഡ്വൈസറായി ജോലി ചെയ്യുന്ന പെന്തെക്കോസ്തു യുവതി (27/5'2", എം.എസ്.ഡബ്ലിയു.). വിവാഹാലോചനകൾ ക്ഷണിക്കുന്നു. യു.എ.ഇ.യിൽ ജോലി ചെയ്യുന്നവർക്ക് മുൻഗണന. ഫോൺ: 050-5839357, 050-1356185

Orthodox Christian parents invite matrimonial proposals for their pentecostal daughter, 29/167 cm, Mcom, wheatish, 60 kg, Ernakulam district, working as an accountant in a private firm in Dubai on father's sponsorship, from Keralite pentecostal boys with family status or with Commerce/ Management/ Engineering graduation.
Email:yabokah@gmail.com. Tel : 00971505748146, 00918870993004.

### വധുവിനെ ആവശ്യമുണ്ട്

Pentecostal parents invite proposals for their son (29/5'7") medium complexion, average built, Civil Engineering, Diploma holder, born and brought up in Bangalore and working as business development Engineer in Dubai with family status. Interested parents may contact:
00971 505822643, 0504503884, 0508494019
Email: aniyan1951@yahoo.co.in, rincymary@yahoo.com

# Glory Garden Church

P.O. Box 4510, Abu Dhabi - U.A.E
Tel : +971 55 8467248; Email: ggc.abudhabi@gmail.com

**Dear Pastors and Leaders,**

## Re: Leadership Training by Pastor Thomas P Thomas (Pr. Kabod)

## Senior Pastor of Faith for India Ministries, Kerala, India

It is a privilege to shepherd God's flock. However some of us are products of the experience and exposure we have had in Ministry. What we do is therefore what we know. There is always room for improvement so that we can be more effective and impact the world for Jesus based on Kingdom principles under the guidance of the Holy Spirit.

It is therefore our pleasure to invite you to attend this training to be held in Abu Dhabi as detailed below.

The training he provides in leadership will be based on the following:
1. Righteous Leadership
2. Reigning by righteousness
3. Sweetness of submission

**Venue : EDUSCAN**
**(**Behind Taha Medical Centre,
Old Passport Road, Abu Dhabi**)**

Dates: 23 + 24 + 27 + 28 & 29 of June 2010 from 6.30 pm to 10.30 pm
25th Friday & 26th Saturday there will be no training.

Please confirm attendance to the above mentioned e-mail or telephone to enable necessary arrangements.

# GILGAL BIBLICAL SEMINARY

(Accredited by Asia Thelogical Association & Lee University,USA [A Level IV Grade])
AN INTER DENOMINATIONAL SEMINARY

## Inaguration
## On 12th June, 2010
## Abu Dhabi

at Evangelical Church Center, Main Hall,
[7.30pm to 9.30 pm]

ADMISSION STARTED

ACADEMICALLY HIGHLY QUALIFIED FACULTY

Classes at Evangelical Church Centre, (Room No. F-09), Abu Dhabi on Every Monday (8pm to 10pm) from 14th June, 2010 onwards

### COURSES

English Medium
- Bachelor of Theology - [B.Th.]
- Mastor of Divinity - [M.Div.]
- Master of Theology - [M.Th.]
  (in association with ACTS Academy, Bangalore)

Malayalam Medium
- Diploma of Theology - [Dip.Th.]

### CHIEF GUESTS



Dr. Fred Garmon
[President, People for Care and Learning]



Dr. Paul Schmidgall
[Chairman, European Theological Seminary]



Rev. P. C. Cherian
[Director, Church Growth Missions]

### Regular Classes at:
- Worship Centre, Sharjah
- Trinity Church, Dubai
- Oasis Center, Al-Ain
- Fujairah Church
- St. Luke Church, R.A.K.

Director: Rev. Dr. K. O. Mathew-050 6463177
Abu Dhabi Co-ordinators: Br. T. Samuel-055 5111070, Br. Shaji Mathew- 050 4468970, Br. Raju Kuruvilla - 050 6733062
e-Mail: gilgalcollegeuae@yahoo.com

Edited, Printed and published by P.C. Glenny, Editor in charge Pramod Koothoor news@newsmanna.com, Visit: www.mannanews.ning.com 050 3241610, 055 3969791